(ബി) ചില വിളകളുടെ ഉല്പാദനക്ഷമത കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തെങ്ങ്, കുരുമുളക്, കശുമാവ്, കവുങ്ങ്, ഇഞ്ചി, മഞ്ഞൾ, വാഴ, റബ്ബർ, കാപ്പി, ഏലം എന്നിവയ്ക്ക് 1990 കളെ അപേക്ഷിച്ച് ഉല്പാദനക്ഷമതയിലും ഉല്പാദനത്തിലും വർധനവുണ്ടായിട്ടുണ്ട്.

(ഡി) കാർഷിക വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിവകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്.

1. ആവർത്തന വിളകൾക്കുവേണ്ടി നടീൽവസ്തുക്കളുടെ ഉല്പാദനം
2. ഗ്രൂപ്പു പ്രവർത്തനത്തിലൂടെ നെൽക്കൃഷിയുടെ സചേതനമായ പരിപോഷണം.
3. സംയോജിത ധാന്യ വികസന പദ്ധതി
4. നെൽമിനികിറ്റുകൾ
5. നാളികേര വികസനം
6. കശുമാവ് വികസനം
7. കുരുമുളകിനായുള്ള ടെക്നോളജി മിഷൻ
8. സംയോജിത സുഗന്ധവിള വികസനപദ്ധതി
9. ദേശീയ വാട്ടർഷെഡ് വികസനപദ്ധതി
10. സംയോജിത കീടപരിപാലന സംവിധാനം
11. ചെറുകിട കർഷക യന്ത്രവൽക്കരണവും കാർഷിക എൻജിനീയറിംഗ് സർവ്വീസും.

9 (*442) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം ജനോപകാരപ്രദമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആർ.ടി ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കുമോ;

(സി) എല്ലാ ആർ.ടി. ഓഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഡ്രൈവിംഗ് ലൈസൻസ് ലാമിനേറ്റഡ് കാർഡ് രൂപത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാഹനനികുതി പിരിക്കുന്നതിന് കൂടുതൽ കൗണ്ടറുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) ആർ.ടി ഓഫീസുകളിൽനിന്നും ഏജന്റുമാരെ പൂർണ്ണമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ആർ.ടി ഓഫീസുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറും ജോയിന്റ് കമ്മീഷണർമാരും മിന്നൽ പരിശോധന നടത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) 1. ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് ഒബ്ജക്ടീവ് ടെസ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. ടെസ്റ്റ് പാസ്സാകുന്നവർക്ക് അപ്പോൾതന്നെ ലേണേഴ്സ് ലൈസൻസ് നൽകുവാൻ ഏർപ്പാടാക്കി.

2. ഡ്രൈവിഗ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചു. ദിവസം ഒരു കേന്ദ്രത്തിൽ ടെസ്റ്റ് നടത്താവുന്നവരുടെ എണ്ണം 40 ആയി നിജപ്പെടുത്തി. ടെസ്റ്റിൽ തോൽക്കുന്നവർക്ക് അപ്പോൾതന്നെ അടുത്ത ടെസ്റ്റിനുള്ള തീയതി നിർണയിച്ചു നൽകുന്നുണ്ട്.

3. ജില്ലാ കേന്ദ്രങ്ങളിൽ മാത്രമായി നടത്തിവരുന്ന ഡ്രൈവിംഗ് ടെസ്റ്റ് സബ് ആർ.ടി.ഓഫീസ് തലത്തിലും നടത്തുവാൻ നടപടിയെടുത്തു.

4. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന രീതി കലോചിതമായി പരിഷ്കരിച്ചു. ടെസ്റ്റ് നടത്താൻ ഒന്നിലധികം ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. ടെസ്റ്റ് ഗ്രൗണ്ടിൽ വച്ചുതന്നെ ടെസ്റ്റിനുള്ള ഫീസെടുക്കാനുള്ള ഏർപ്പാടുണ്ടാക്കി.

5. ആർ.ടി. ഓഫീസുകളിലെ തിരക്കൊഴിവാക്കാൻവേണ്ടിപണം സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻതന്നെ ടാക്സ് ടോക്കണും രസീതുകളും ഒപ്പിട്ടു നൽകുന്ന സംവിധാനം ഏർപ്പെടുത്തി.

6. ഏജന്റുമാരുടെ പ്രവർത്തനം ഒഴിവാക്കുന്നതിലേയ്ക്കായി ലൈസൻസിനുള്ള അപേക്ഷകൾ രജിസ്റ്റേർഡ് തപാൽവഴി അതത് ആർ.ടി/ജോയിന്റ് ആർ.ടി. ഓഫീസുകളിൽ അയയ്ക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അപേക്ഷകളിൽ 40 പേർക്ക് അക്ഷരമാലാക്രമത്തിൽ ടെസ്റ്റിനുള്ള ഉത്തരവ് നൽകുന്നു.

7. പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുവാൻ പൂർണ്ണസമയ പി.ആർ.ഒ. മാരെ നിയമിച്ചു. ലഭിക്കുന്ന അപേക്ഷകൾക്ക് കൗണ്ടർവഴി അക്നോളജ്മെന്റ് രസീതുകൾ നൽകുകയും ഡ്യൂഡേറ്റുകൾ രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നുണ്ട്.

(ബി) അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമായി നടപ്പാക്കിവരികയാണ്. ഡ്രൈവിംഗ് ലൈസെൻസ് നൽകുന്ന കാര്യത്തിൽ മാനദണ്ഡങ്ങൾ വ്യക്തമായി പാലിക്കുന്നു. വേഗത്തിൽ നികുതി അടയ്ക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമുണ്ടായി. ഇടനിലക്കാരെ ഒഴിവാക്കി. വാഹനഉടമകൾക്ക് നേരിട്ട് എല്ലാ കാര്യങ്ങൾക്കും ഓഫീസുമായി ബന്ധപ്പെടാനുള്ള സാഹചര്യം ഉണ്ടാക്കി.

(സി)&(ഡി) ഇക്കാര്യത്തിൽ ഘട്ടംഘട്ടമായി നടപടി എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ കൗണ്ടറുകൾ തുറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ആർ.ടി.ഓഫീസ് പരിസരത്തുനിന്നും ഏജന്റുമാരെ പൂർണ്ണമായി ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) മിന്നൽപരിശോധന നടത്തിവരുന്നുണ്ട്.

10 (*443) ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതിവെട്ടിപ്പ് നടക്കുന്നതായി ഏതെങ്കിലും ചെക്ക് പോസ്റ്റുകളെക്കുറിച്ച് ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ചെക്ക്പോസ്റ്റുകളിൽ നികുതിവെട്ടിപ്പും കള്ളക്കടത്തും തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) ചെക്ക്പോസ്റ്റുകളിലൂടെയുള്ള കള്ളക്കടത്തുമൂലം സംസ്ഥാന ഖജനാവിന് എന്തുതുകയുടെ നഷ്ടം പ്രതിവർഷം ഉണ്ടാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1. വാണിജ്യനികുതി വകുപ്പിലെ പ്രധാന ഓഫീസുകളും ചെക്ക്പോസ്റ്റുകളുമായി ബന്ധപ്പെടുത്തികൊണ്ട് ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിലേയ്ക്കായി നടപടികൾ നടന്നുവരുന്നു. ഇതിലേക്കായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷത്തിൽ ഇതിലേയ്ക്കായി 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

2. പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, ബംഗറ, മഞ്ചേശ്വർ, മുത്തങ്ങ, ആര്യൻകാവ്, അമരവിള എന്നിവിടങ്ങളിൽ കെട്ടിടത്തിനും പാർക്കിംഗ് സൗകര്യത്തിനും അകത്തോട്ടും പുറത്തോട്ടും പോകുന്ന വാഹനങ്ങൾ പ്രത്യേകം പരിശോധിക്കുന്നതിനുള്ള സൗകര്യത്തിനായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ചെക്ക് പോസ്റ്റുകളിൽ വണം സൂക്ഷിക്കുന്നതിന് ക്യാഷ് ചെസ്റ്റ് വാങ്ങുന്നതിലേയ്ക്കായി ഭരണാനുമതി ആയിട്ടുണ്ട്.

4. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും, അസിസ്റ്റന്റ് കമ്മീഷണർമാരുടേയും നേതൃത്വത്തിൽ ചെക്ക് പോസ്റ്റുകളിൽകൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ മിന്നൽപരിശോധന നടത്തി ചെക്ക്പോസ്റ്റിൽ ജോലി ചെയ്യുന്ന ആൾക്കാരെ മുഴുവൻ മാറ്റി പകരം ഇന്റലിജൻസ് സ്കാഡിലെ ജീവനക്കാരെ ഒരു നിശ്ചിത സമയം നിയമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly